## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1877 17.12.2012- ൽ മറുപടിക്ക്**

### വിഴിഞ്ഞം പോർട്ട് ഓപ്പറേറ്റർ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>1. ഇ.ഐ.എ പഠനം<br><br>വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖ പദ്ധതിയ്ക്കായുള്ള ടേംസ് ഓഫ് റഫറൻസ്, 2011 ജൂലൈ മാസത്തിൽ കേന്ദ്ര സർക്കാർ അംഗീകരിക്കുകയുണ്ടായി. പാരിസ്ഥിതിക അനുമതിയ്ക്കായി ഒരു വർഷം നീണ്ടു നിൽക്കുന്ന (എല്ലാ കാലാവസ്ഥയിലും) പഠനം നടത്തുന്നതിനായി ഏഷ്യൻ കൺസൾട്ടിംഗ് എൻജിനീയേഴ്സ് (ഇന്ത്യ) ലിമിറ്റഡിനെയും റ്റി.ഒ.ആർ നിർദ്ദേശിച്ചിട്ടുള്ള മറ്റു പാരിസ്ഥിതിക പഠനത്തിനായി കേന്ദ്ര സർക്കാർ അംഗീകൃത കൺസൾട്ടന്റായ എൽ& റ്റി റാംബോളിനെയും ഏൽപ്പിക്കുകയുണ്ടായി. ഈ പഠനം 2012 ജൂലൈ മാസത്തോടു കൂടി കഴിയേണ്ടതായിരുന്നെങ്കിലും |

വിവിധ തുറകളിലെ അപേക്ഷ പ്രകാരം 2012 വർഷകാലസ്ഥിതി വിവരം കൂടി ഉൾപ്പെടുത്തി പഠനം സെപ്റ്റംബർ 2012 വരെ നീട്ടുകയും ചെയ്തു.

പ്രസ്തുത വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ 2012 ഡിസംബർ മാസത്തോടു കൂടി കരട് പാരിസ്ഥിതിക പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കാനും തുടർന്ന് പബ്ലിക് ഹിയറിംഗ് നടത്താനുമുള്ള നടപടികൾ എടുത്തു വരുന്നു. പബ്ലിക് ഹിയറിംഗിന്റെ സാരാംശം കൂടി ഉൾപ്പെടുത്തി അന്തിമ പാരിസ്ഥിതിക പഠന റിപ്പോർട്ടും, പാരിസ്ഥിതികാനുമതിക്കായിട്ടുള്ള അപേക്ഷയും പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിക്കാനും നടപടികൾ സ്വീകരിച്ചു വരുന്നു.

2. **<u>പദ്ധതി ചെലവും ധനസമാഹരണവും</u>**

പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ അടങ്കൽ തുക 4010 കോടി രൂപയായി പുനർ നിർണ്ണയിച്ചു. ഇതിനാവശ്യമായ വായ്പ നൽകുന്നതിന് ഹഡ്കോ, ഐ.ഐ.എഫ്.സി.എൽ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളെ സമീപിയ്ക്കുകയും, അവർ അത് ~~തത്വത്തിൽ~~ <u>അംഗീകരിക്കുകയുമുണ്ടായി.</u> കൂടാതെ എസ്.ബി.റ്റി യുടെ നേതൃത്വത്തിൽ 17 ബാങ്കുകളുടെ കൺസോർഷ്യം ആർ.ബി.ഐ ഗൈഡ്‌ലൈൻ പ്രകാരം സാമ്പത്തിക സഹായം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. സർക്കാർ ബോണ്ട് വിതരണം

നടത്തി 810 കോടി രൂപ സമാഹരിക്കുന്നതിന്റെ ഭാഗമായി എസ്.ബി.ഐ ക്യാപ്പിറ്റൽ മാർക്കറ്റിന്റെ നേതൃത്വത്തിൽ ക്രെഡിറ്റ് റേറ്റിംഗ് പൂർത്തീകരിക്കുകയും A-(SO)/BBB + റേറ്റിംഗ് ലഭ്യമാക്കുകയും ചെയ്തു. നാളിതുവരെ 405.45 കോടി രൂപ വിഴിഞ്ഞം തുറമുഖ കമ്പനിയ്ക്ക് നല്കിയിട്ടുണ്ട്. 2011-2012 വർഷത്തെ ബഡ്ജറ്റിൽ വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കായി 197.84 കോടി രൂപയും 2012-13 -ലെ ബഡ്ജറ്റിൽ 223.68 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**3. സ്ഥലമേറ്റെടുപ്പും പുനരധിവാസവും**

പദ്ധതിയ്ക്കു ഏറ്റവും ആവശ്യമായ ബാക്കപ്പ് ഏര്യ, റോഡ്, ട്രക്ക് ടെർമിനൽ എന്നിവയ്ക്കുള്ള സ്ഥലത്തിന്റെ 90% ഏറ്റെടുത്തു കഴിഞ്ഞു. മാത്രമല്ല വെയർ ഹൗസിങ്ങിനു വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. വസ്തു വിലയ്ക്കു തന്നിട്ടുള്ള 47 വീട്ടുടമസ്ഥർക്ക് വിലയ്ക്കു പുറമെ സൗജന്യമായി 5 സെന്റ് ഭൂമിയും 6 മാസത്തെ വീട്ടു വാടക ഹാർഡ്ഷിപ്പ് അലവൻസായും ആണ് നൽകുന്നത്. ഇതിന്റെ പ്രമാണം 27.11.2012-ൽ വിതരണം ചെയ്യുകയുണ്ടായി. ബാക്കിയുള്ള 5 കുടുംബങ്ങൾക്കായി 5 സെന്റ് സ്ഥലത്തിന്റെ ഡോക്യുമെന്റേഷൻ പൂർത്തിയാക്കുകയും തുടർനടപടികൾ എടുത്തു വരികയും ചെയ്യുന്നു.

**4. മാസ്റ്റർ പ്ലാൻ നിർമ്മാണവും, ഇപിസി ടെൻഡർ നടപടികളും**

മാസ്റ്റർ പ്ലാൻ, ഇ.പി.സി ടെണ്ടർ നടപ്പാക്കൽ തുടങ്ങിയവയ്ക്കായി AECOM എന്ന കൺസൾട്ടൻസിയെ ഏൽപ്പിക്കാൻ 15.06.2011–ൽ കൂടിയ VISL ബോർഡ് മീറ്റിംഗ് തത്വത്തിൽ അംഗീകരിക്കുകയുണ്ടായി. പാരിസ്ഥിതിക അനുമതി ലഭിച്ചാലുടൻ ഇ പി സി ടെൻഡർ നടപടികൾ പൂർത്തിയാക്കുന്ന തരത്തിൽ വിശദമായ പഠനറിപ്പോർട്ട് തയ്യാറാക്കൽ കൺസൾട്ടൻസി വഴി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

**5. ബാഹ്യ അടിസ്ഥാന സൗകര്യ വികസനം**

**വൈദ്യുതി**

വിഴിഞ്ഞം - ബാലരാമപുരം ബന്ധിപ്പിക്കുന്ന 220 കെ.വി ലൈൻ സ്ഥാപിക്കാനുള്ള ടെണ്ടർ നടപടികളും ബാലരാമപുരം - കാട്ടാക്കട ബന്ധിപ്പിക്കുന്ന 220 കെ.വി ലൈൻ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികളും പുരോഗമിക്കുന്നു.

**വെള്ളം**

പണി പൂർത്തിയായി വരുന്നു.

**റോഡ്**

600 മീറ്റർ  നീളമുള്ള ടെമ്പററി

റോഡിന്റെ 530 മീറ്റർ പൂർത്തിയായി.

പദ്ധതി പ്രദേശത്തെ എൻ എച്ച് ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണത്തിന് എൻ. എച്ച് എ ഐ യുടെ അനുമതി ലഭിക്കേണ്ടതുണ്ട്.

**<u>റെയിൽ</u>**

പദ്ധതി പ്രദേശത്തേയ്ക്കുള്ള റെയിൽ നിർമ്മാണം ഇന്ത്യാ ഗവൺമെന്റിന്റെ റെയിൽ ബഡ്ജറ്റിൽ 'ലാസ്റ്റ് മൈൽ കണക്ടിവിറ്റി ' യായി കൂട്ടിച്ചേർത്തിട്ടുണ്ട്. തലസ്ഥാനത്ത് പുതുതായി അനുവദിച്ച മോണോ റെയിലിന്റെ നിർദ്ദിഷ്ട പാത, തുറമുഖ പദ്ധതിയുടെ മുൻ നിശ്ചയിച്ചിരുന്ന പാതയുമായി കൂട്ടിമുട്ടുന്നതിനാൽ, ആർവിഎൻഎൽ മോണോ റെയിൽ പദ്ധതിയെ ബന്ധിക്കാതെ തറനിരപ്പിൽ കൂടിയുള്ള ഒരു പുതിയ പാത കണ്ടെത്തി പഠിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ചു പഠനം നടത്തുകയും വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് റെയിൽവേക്കു സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

---

**6. <u>തുറമുഖ നടത്തിപ്പുകാരനെ തെരഞ്ഞെടുക്കൽ</u>**

തുറമുഖത്തിന്റെ ഓപ്പറേറ്റർക്ക് വേണ്ടിയുള്ള കരാറുകാരനെ കണ്ടെത്തുന്നതിനുള്ള ടെൻഡർ നടപടികൾ തുടങ്ങിയിരുന്നെങ്കിലും ഏക

ബിഡ്ഡറായി കേന്ദ്രാനുമതി ലഭിച്ച വെൽസ്പൺ ഇൻഫ്രാടെക്ക് ലിമിറ്റഡ് 399.5 കോടി രൂപ ഗ്രാന്റ് നൽകാൻ ആവശ്യപ്പെടുകയുണ്ടായി. അതിനാൽ ടെണ്ടർ നടപടികൾ റദ്ദു ചെയ്യുകയും, പാരിസ്ഥിതിക അനുമതി ലഭ്യമായ ശേഷം വീണ്ടും ടെൻഡർ നടപടികളുമായി മുന്നോട്ടു പോകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2011-12-ലെ ബഡ്ജറ്റിൽ എത്ര തുകയാണ് ഇതിനായി നീക്കിവച്ചിരുന്നത്; എത്ര ചെലവഴിച്ചു; തുക ചെലവഴിക്കാനായില്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ;

(ബി) 2011-12-ൽ 197 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. 2011-12 കാലഘട്ടത്തിൽ മുൻവർഷത്തെ നീക്കിയിരുപ്പ് തുകയും കൂടി 226 കോടി രൂപ ചെലവഴിച്ചു.

(സി) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ ഇനി അവശേഷിക്കുന്നുണ്ട്; വിശദമാക്കുമോ;

(സി) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

- പദ്ധതിയുടെ പാരിസ്ഥിതികാനുമതിക്കായി, പൂർത്തിയാക്കിയിട്ടുള്ള പഠനത്തിന്റെ റിപ്പോർട്ട് കേന്ദ്ര വന-പാരിസ്ഥിതിക മന്ത്രാലയത്തിന് സമർപ്പിച്ച് അനുമതി നേടുക.
- പാരിസ്ഥിതിക അനുമതി കിട്ടുന്ന മുറയ്ക്ക്, വിഴിഞ്ഞം ഇന്റർ നാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗീകരിച്ചിട്ടുള്ള മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള എൻജിനീയറിംഗ് പ്രൊക്യൂർമെന്റ്

| | | | |
|---|---|---|---|
| | | | കൺസ്ട്രക്ഷൻ (ഇപിസി) ടെൻഡർ വിളിക്കുക.<br>• പോർട്ട് ഓപ്പറേറ്ററെ തെരഞ്ഞെടുക്കാനുള്ള റീടെൻഡർ വിളിച്ച് ഓപ്പറേറ്ററെ തെരഞ്ഞെടുക്കുക.<br>• ഇപ്പോൾ ആരംഭിച്ച അനുബന്ധ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, വെള്ളം, റോഡ്, റെയിൽ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക.<br>• ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കുക. |
| (ഡി) | പോർട്ട് ഓപ്പറേറ്ററെ തീരുമാനിയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ്; | (ഡി) | ഇല്ല |
| (ഇ) | പോർട്ട് ഓപ്പറേറ്റർ നിയമനവുമായി ബന്ധപ്പെട്ട് തർക്കങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്താണ് തർക്കവിഷയം; അത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കാമോ? | (ഇ) | നിലവിലില്ല. |

Sally
സെക്ഷൻ ഓഫീസർ